പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3619** 22.08.2017 ൽ മറുപടിയ്ക്ക്

**ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനയിൽ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങൾ**

ചോദ്യം
ശ്രീ. പി.സി.ജോർജ്

ഉത്തരം
ശ്രീ.പി.തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങൾ എത്ര; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനകളിൽ 30530 സ്ഥാപനങ്ങൾക്ക് എതിരെ കേസുകൾ കണ്ടെടുക്കുകയും 8,49,60,650/-രൂപ (എട്ട് കോടി നാല്പത്തി ഒൻപത് ലക്ഷത്തി അറുപതിനായിരത്തി അറുനൂറ്റി അൻപത് രൂപ മാത്രം) രാജിഫീസിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | സ്ഥാപനങ്ങളുടെ എണ്ണം | ഈടാക്കിയ രാജി ഫീസ് |
|---|---|---|
| തിരുവനന്തപുരം | 5671 | 14129000 |
| കൊല്ലം | 3186 | 7408500 |
| പത്തനംതിട്ട | 1947 | 5539500 |
| ആലപ്പുഴ | 1628 | 5137000 |
| കോട്ടയം | 1317 | 4696000 |
| ഇടുക്കി | 504 | 1575500 |
| എറണാകുളം | 4147 | 12476150 |
| തൃശ്ശൂർ | 3179 | 9349000 |
| പാലക്കാട് | 941 | 2724500 |
| മലപ്പുറം | 1794 | 4670500 |
| കോഴിക്കോട് | 2348 | 7805500 |
| വയനാട് | 939 | 2201000 |
| കണ്ണൂർ | 1817 | 4533500 |
| കാസർഗോഡ് | 1112 | 2715000 |
| **ആകെ** | **30530** | **84960650** |

| | | | |
|---|---|---|---|
| ബി) | ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന മുഖേന സർക്കാരിന് ലഭിച്ച സാമ്പത്തികനേട്ടം എത്ര ; | ബി) | ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകൾ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 8,49,60,650/-രൂപ (എട്ട് കോടി നാല്പത്തി ഒൻപത് ലക്ഷത്തി അറുപതിനായിരത്തി അറുനൂറ്റി അൻപത് രൂപ മാത്രം) രാജിഫീസിനത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ ഭക്ഷ്യ വിതരണ കേന്ദ്രങ്ങളിലും മത്സ്യ, പച്ചക്കറി, പലവ്യഞ്ജന മാർക്കറ്റുകളിലും ഉൾപ്പെടെ നടക്കുന്ന അഴിമതി ഇല്ലാതാക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് കബളിപ്പിക്കലിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | ഭക്ഷ്യ പൊതുവിതരണ വകുപ്പിന് പൊതുവിപണി പരിശോധനക്കായി വകുപ്പുതലത്തിൽ ശക്തമായ ഒരു പരിശോധന സംവിധാനം നിലവിലുണ്ട്. ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ ജനങ്ങൾക്ക ലഭ്യമാക്കുവാൻ പ്രത്യേക പരിശോധനകൾ നടത്തുകയും എന്തെങ്കിലും അഴിമതി കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുവാൻ നിലവിൽ സപ്ലൈകോ വിജിലൻസ് ഓഫീസറുടെ കീഴിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ മേഖലകളിലായി വിവിധ ഡിപ്പോ, ഔട്ട് ലെറ്റുകളിലായി ഫ്ലയിംഗ് സ്ക്വാഡ് ഓഫീസേഴ്സിന്റെ പരിശോധന നിരന്തരം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ